**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4451** **29-10-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയുടെ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | ഈ വർഷം എത്ര പട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി മേഖലകളിൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിനും വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അവ, 1) വിവര സാങ്കേതികം, ഇലക്ട്രിക്കൽ ആന്റ് ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെയുള്ള വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. 2) സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പു മുഖേന ഒരു ലക്ഷം രൂപ വരെ (1/3 സബ്സിഡി) അനുവദിക്കുന്നുണ്ട്. 3) സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 10.00 ലക്ഷം രൂപാവരെ (പ്രോജക്ട് കോസ്റ്റിന്റെ 75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്നുണ്ട്. 4) പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് സ്വയം തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപാ ധനസഹായം അനുവദിക്കുന്ന വിദേശതൊഴിൽ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു. 5) വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠനം പൂർത്തിയാക്കി വിദേശത്ത് പ്ലെയ്സ്മെന്റ് കരസ്ഥമാക്കുന്ന പട്ടികജാതിയിൽപ്പെട്ട യുവജനങ്ങൾക്ക് വിസ/ യാത്രാ ചെലവുകൾക്ക് ഒരു ലക്ഷം രൂപാ ധനസഹായം നൽകി വരുന്നു. 6) പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരംഭകത്വ വികസന ത്തിനായി വകുപ്പിന്റെ പദ്ധതിയായ “ Startup Dreams” കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. 7) റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശ രഹിത സീഡ് ഫണ്ട് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് 1. പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴില്ലായ്മാ പ്രശ്നം ലഘൂകരിക്കുന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പരിപാടികളും സർക്കാൻ നടപ്പിലാക്കി വരുന്നു. 2. പട്ടികവർഗ്ഗക്കാരിൽ ഉയർന്ന വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നേടിയവർക്ക് തൊഴിൽ നൽകുന്നതിനായി വെർച്ചൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. 3. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. 4. ഗോത്രജീവിക- 2016-17 വർഷം മുതൽ ആരംഭിച്ച ടി പദ്ധതി പ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ് ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീനം നൽകി സംരഭകത്വ വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കി വരുന്നു. 2021-22 വർഷത്തിൽ പരിശീലനം നടപ്പിലാക്കുന്ന പദ്ധതികളായ ഗോത്രജീവിക – കെട്ടിട നിർമ്മാണ പരിശീലനം, അപ്പാരൽ പാർക്ക്, കെ.എസ്.ആർ.ടി.സിയുമായി സഹകരിച്ച് റെസ്റ്റോറന്റുകൾ നടത്തുക, എയർപോർട്ട് മാനേജ്മെന്റ് & എയർലൈൻ കോഴ്സുകൾ എന്നിവയിൽ പരിശീലനം നൽകുന്നു. |

സെക്ഷൻ ഓഫീസർ